"ഭരണഭാഷ - മാതൃഭാഷ"

സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ : ശ്രീ.എച്ച്.ദിനേശൻ IAS)

ഉത്തരവ് നം: SJD/4775/2023-E2

തിരുവനന്തപുരം
തീയതി: 24-11-2023

വിഷയം :- സാമൂഹ്യ നീതി വകുപ്പ്-ജീവനക്കാര്യം - ഹെഡ് അക്കൌണ്ടന്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1) സാമൂഹ്യനീതി ഡയറക്ടറുടെ 27.04.2020 ലെ SJD/789/2020-E9 നമ്പർ നടപടിക്രമങ്ങൾ.

(2) സാമൂഹ്യനീതി ഡയറക്ടറുടെ 18.11.2023 ലെ SJD/2176/2022-E1 നമ്പർ നടപടിക്രമങ്ങൾ.

(3) സാമൂഹ്യനീതി ഡയറക്ടറുടെ 09.11.2023 ലെ SJD/2927/2023-E5 നമ്പർ നടപടിക്രമങ്ങൾ.

സാമൂഹ്യ നീതി വകുപ്പിൽ ഹെഡ് അക്കൌണ്ടന്റ് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പരാമർശം (2) പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചതു മുഖേന ഹെഡ് അക്കൌണ്ടന്റ് തസ്തികയിൽ 4 ഒഴിവും , പരാമർശം (3) പ്രകാരം ഹെഡ് അക്കൌണ്ടന്റ് തസ്തികയിലെ ജീവനക്കാരൻ ശ്രീ.രാജീവൻ.പി സസ്പെൻഷനിൽ ആയതു മുഖേന 1 ഒഴിവും ചേർത്ത് ഹെഡ് അക്കൌണ്ടന്റ് തസ്തികയിൽ ആകെ 5 ഒഴിവ് നിലവിലുണ്ട്.ഹെഡ് അക്കൌണ്ടന്റ് തസ്തികയിൽ നിലവിലുള്ള അഞ്ച് ഒഴിവുകളിലേയ്ക്ക് പരാമർശം (1) പ്രകാരമുള്ള സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ മുൻഗണന പട്ടികയിൽ നിന്നും മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന ക്രമനം.25 മുതൽ 29 വരെയുള്ള ചുവടെ പേര് വിവരം ചേർത്തിട്ടുള്ള ജീവനക്കാർക്ക് ഉദ്യോഗക്കയറ്റ നിയമനം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

ക്രമനം.25.ശ്രീ.പ്രതീഷ് നൂർജെറ്റ്
ക്രമനം.26.ശ്രീ.ശ്രീകുമാർ.ജി
ക്രമനം.27 ശ്രീ.ഷമിത്ത്.കെ.വി
ക്രമനം.28 ശ്രീ.ഓസ്റ്റിൻ പെരേര
ക്രമനം.29.ശ്രീമതി.നീന.എ

ഈ സാഹചര്യത്തിൽ പരാമർശിത സീനിയോരിറ്റി ലിസ്റ്റിലെ സീനിയർ ക്ലാർക്ക് തസ്തികയിലെ യോഗ്യരായ 5 ജീവനക്കാർക്ക് ഹെഡ് അക്കൌണ്ടന്റ് തസ്തികയിൽ കെ.എസ്.& എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം (39300-83000) രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി ചുവടെ അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

/128043/2023

ഉദ്യോഗക്കയറ്റം

| ക്രമ നം | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീ.പ്രതീഷ് നൂർജെറ്റ് ,<br>സീനിയർ ക്ലാർക്ക്<br>സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം. | ഹെഡ് അക്കൌണ്ടന്റ്,<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്<br>പാലക്കാട് |
| 2 | ശ്രീ.ശ്രീകുമാർ.ജി ,<br>സീനിയർ ക്ലാർക്ക്<br>സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം. | ഹെഡ് അക്കൌണ്ടന്റ്,<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്<br>എറണാകുളം |
| 3 | ശ്രീ.ഷമിത്ത്.കെ.വി ,<br>സീനിയർ ക്ലാർക്ക്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ് കണ്ണൂർ | ഹെഡ് അക്കൌണ്ടന്റ്,<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്<br>കണ്ണൂർ |
| 4 | ശ്രീ.ഓസ്റ്റിൻ പെരേര ,<br>സീനിയർ ക്ലാർക്ക്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ് തിരുവനന്തപുരം. | ഹെഡ് അക്കൌണ്ടന്റ്,<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്<br>തൃശൂർ |
| 5 | ശ്രീമതി.നീന.എ ,<br>സീനിയർ ക്ലാർക്ക്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ് കൊല്ലം | ഹെഡ് അക്കൌണ്ടന്റ്,<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്<br>കൊല്ലം |

ഉദ്യോഗകയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും,നിയമാനുസൃത പ്രവേശനകാലത്തിനും, യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ടി ജീവനക്കാർ തുടർച്ചയായുള്ള രണ്ട് വർഷ കാലത്തെ സേവന കാലയളവിനുള്ളിൽ ഒരു വർഷത്തെ നിരീക്ഷണകാലം പൂർത്തികരിക്കേണ്ടതാണ്.

ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവി വിടുതൽ ചെയ്യേണ്ടതും ജീവനക്കാരൻ / ജീവനക്കാരി യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്.ജീവനക്കാരുടെ വിടുതൽ / പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് കാര്യാലയ മേധാവികൾ അയച്ചുതരേണ്ടതാണ്.

**H.DINESHAN IAS**
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ് :</u>

1. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക്
2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3. സൂപ്രണ്ട് എഫ് സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ഡയറക്ടറുടെ സി.എ.
5. ഇ1 മുതൽ ഇ7 വരെ
6. സ്റ്റോക്ക് ഫയൽ/സ്പെയർ